# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 179*

*02 / 03 / 2020 -ൽ*
*മറുപടി നൽകേണ്ടിയിരുന്നത്*


## ജലപാതയുമായി ബന്ധപ്പെട്ട വർക്കല തുരപ്പിന്റെ പ്രവർത്തന പുരോഗതി

| ചോദ്യം<br>ശ്രീ. വി. ജോയി | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | ജലപാതയുമായി ബന്ധപ്പെട്ട വർക്കല തുരപ്പിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ; | (എ) | ജലപാതയുമായി ബന്ധപ്പെട്ട വർക്കല തുരപ്പിന്റെ (വലിയ ടണൽ) ചെളിയും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ (ബണ്ട് നിർമ്മിക്കൽ) നടന്നുവരുന്നു . ചിലക്കൂർ ചെറിയ ടണലിന്റെ ചെളിയും മാലിന്യങ്ങളും മാറ്റിക്കഴിഞ്ഞു . മറ്റ് പുനരുദ്ധാരണ പ്രവൃത്തികൾ എത്രയും വേഗം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു . |
| (ബി) | ജലപാതയിലൂടെയുള്ള ഗതാഗതം എന്നു മുതൽ ആരംഭിക്കാമെന്നാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (ബി) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ നീളുന്ന ജലപാതയുടെ പ്രവൃത്തികൾ മൂന്ന് ഘട്ടങ്ങളായാണ് നടപ്പിലാക്കി വരുന്നത് . ഒന്നാം ഘട്ടത്തിൽ കനാലുകൾ ശുചിയാക്കി നിലവിലെ വീതിയിൽ ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് . ഈ ഘട്ടത്തിലെ പ്രവൃത്തികൾ 2020 ൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ